പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2271

26.3.2013-ലെ മറുപടിയ്ക്ക്

**ചാലിയത്തെ ഫിഷ് ലാൻറിംഗ് സെൻറർ**

| **ചോദ്യം**<br>ശ്രീ. എളമരം കരീം | **ഉത്തരം**<br>ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചാലിയത്തെ ഫിഷ് ലാൻറിംഗ് സെൻററിനായി കിൻഫ്ര ആവിഷ്കരിച്ച പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) ചാലിയത്ത് ഒരു ഫിഷ് ലാൻറിംഗ് സെൻററും, ബോട്ട് റിപ്പയറിംഗ് യാർഡും സ്ഥാപിക്കുന്നതിനായി 2.0639 ഹെക്ടർ വന ഭൂമി ചില വ്യവസ്ഥകൾക്ക് വിധേയമായി 20 വർഷത്തേക്ക് കിൻഫ്രയ്ക്ക് കൈമാറുന്നതിന് 1-ാം ഘട്ട അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഭൂമി കിൻഫ്രയ്ക്ക് കൈമാറികിട്ടിയിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതി എത്രയും വേഗം പൂർത്തിയാക്കാൻ നടപടി കൈക്കൊള്ളുമോ? | ബി) വനം വകുപ്പിലേക്ക് നഷ്ട പരിഹാര തുകയായി നൽകേണ്ട തുകയും നിലവിലുള്ള മൂല്യവും കണക്കാക്കി നൽകാൻ വനം വകുപ്പിനോട് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് വ്യക്തത വരുത്തിയ ശേഷം കിൻഫ്ര തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ